**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 878** **14-10-2026-ൽ മറുപടിയ്ക്ക്**

**കണ്ണൂർ നിയോജക മണ്ഡലത്തിലെ കാനാമ്പുഴ പുനരുജ്ജീവന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ നിയോജകമണ്ഡലത്തിലെ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കാനാമ്പുഴ പുനരുജ്ജീവന പ്രവൃത്തിയുടെ ഭാഗമായി തിലാന്നൂർ ശിശുമന്ദിരം റോഡ് മുതൽ ചീപ്പ് പാലം വരെയുള്ള ഭാഗങ്ങളിലും താഴെ ചൊവ്വ മണ്ടേൻ വയൽ മുതൽ ബണ്ട് പാലം വരെയുള്ള ഭാഗങ്ങളിലുമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കാനാമ്പുഴയുടെ തിലാന്നൂർ ശിശുമന്ദിരം റോഡ് മുതൽ കാപ്പാട് കടക്കര അമ്പലം റോഡ് വരെയുള്ള ഭാഗങ്ങളിലും ബണ്ട് പാലം മുതൽ താഴോട്ടുള്ള ഭാഗങ്ങളിലുമുള്ള പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

**(ബി)** ഇതിനായി എത്ര തുക ചെലവായെന്ന് വ്യക്തമാക്കാമോ;

**മറുപടി:** രണ്ട് പ്രവൃത്തികൾക്കായി ആകെ 58,20,788/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**(സി)** എന്തായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്നും പ്രസ്തുത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**മറുപടി:** പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, പാർശ്വഭിത്തി നിർമ്മാണം, ജലസേചനാവശ്യാർത്ഥം സ്ലൂയിസുകൾ നിർമ്മിക്കൽ, വിനോദസഞ്ചാര ഉദ്ദേശത്തോടു കൂടി പുഴയുടെ ഇരുവശങ്ങളിലും നടപ്പാത/ബണ്ട് നിർമ്മിക്കൽ, തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്.

**(ഡി)** പദ്ധതി സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിനോ മറ്റ് വകുപ്പുകൾക്കോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**മറുപടി:** പ്രവൃത്തി നടക്കുന്ന വേളയിൽ പദ്ധതി സംബന്ധിച്ച് പരാതികൾ ലഭിച്ചിരുന്നുവെങ്കിലും അതാത് സമയങ്ങളിൽ പരാതിക്കാരുമൊത്ത് സ്ഥലപരിശോധന നടത്തുകയും നിജ സ്ഥിതി മനസ്സിലാക്കി പരാതി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**